ട്രാൻസ്പോർട്ട്
കമ്മീഷണറേറ്റ്
തിരുവനന്തപുരം

"ഭരണഭാഷ – മാതൃഭാഷ"

നമ്പർ.ബി.4/7712/റ്റി.സി./2016


**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി,11.05.2017.

പ്രേഷകൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ്,

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും,
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും.

സർ,

വിഷയം :- **മോട്ടോർ വാഹന വകുപ്പ്**— ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയർ - റിക്വിസിഷൻ രേഖപ്പെടുത്തിയതിലെ തെറ്റുകൾ തിരുത്തുന്നത് - സംബന്ധിച്ച്.

സൂചന :- 1 നാഷണൽ ഇൻഫർമാറ്റിക് സെന്ററിൽ നിന്നും ലഭിച്ച കത്ത്.
2 ഈ ഓഫീസിൽ നിന്നും 28.04.2017-ലും 29.04.2017-ലും അയച്ച ഇതേ നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിയ്ക്കുന്നു.

മോട്ടോർ വാഹന ടാക്സേഷൻ നിയമ പ്രകാരം, വാർഷിക പലിശ നിരക്ക് 12% ആണ് എന്നാൽ ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയറിൽ, റിക്വിസിഷൻ രേഖപ്പെടുത്തിയപ്പോൾ വാർഷിക പലിശ നിരക്ക് 50% എന്ന് ചില റിക്വിസിഷൻ അതോറിറ്റികൾ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളത്, സൂചന (1) പ്രകാരം എൻ.ഐ.സി ഈ ഓഫീസിൽ അറിയിച്ചിരുന്നു. ആയത് അടിയന്തിരമായി തിരുത്തണമെന്നുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് സൂചന (2) പ്രകാരം നൽകിയിരുന്നു. എന്നാൽ, റിക്വിസിഷൻ അതോറിറ്റികൾ ഇതുവരെ ഇത് പാലിച്ചതായി കാണുന്നില്ല. ആയതിനാൽ, ബന്ധപ്പെട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ/ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, തങ്ങളുടെ ഓഫീസിൽ ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ള റിക്വിസിഷനുകൾ പരിശോധിയ്ക്കേണ്ടതും, വാർഷിക പലിശ നിരക്ക് തെറ്റായി രേഖപ്പെടുത്തിയിട്ടുള്ള റിക്വിസിഷനുകൾ, അടിയന്തിരമായി പിൻവലിച്ച്, തെറ്റ് തിരുത്തേണ്ടതുമാണ്. ഇല്ലാത്ത പക്ഷം, വാഹന ഉടമകൾക്കുണ്ടാകുന്ന അധിക

ബാധ്യതയുടെ ഉത്തരവാദിത്തം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാത്രമായിരിയ്ക്കും എന്ന വിവരം അറിയിച്ചുകൊള്ളുന്നു.

ആർ.ആർ. ഓൺലൈൻ സോഫ്റ്റ്‌വെയറിൽ റിക്വിസിഷൻ രേഖപ്പെടുത്തുമ്പോൾ അനുഭവപ്പെടുന്ന പോരായ്മകൾ അറിയിയ്ക്കാൻ നിർദ്ദേശം നൽകിയിരുന്നെങ്കിലും, വടക്കാഞ്ചേരി ജോയിന്റ് ആർ.ടി.ഒ. ഒഴികെ മറ്റാരും തന്നെ റിപ്പോർട്ട് നൽകിയിട്ടില്ല. എന്നിരുന്നാലും, ബോദ്ധ്യപ്പെട്ട അപാകതകൾ, പരിഹരിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട എൻ.ഐ.സി ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ആയത് പരിഹരിച്ചതിനു ശേഷം, ഈ വിഷയത്തിൽ തുടർ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ടാക്സേഷൻ)
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

അംഗീകാരത്തോടെ,

12/5/2017
സീനിയർ സൂപ്രണ്ട്.
12/5/2017

ജെ.എസ്.